**Mar Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

---

Circular 04/2023 21 April 2023

# എയിൽസ്ഫോർഡ് തീർത്ഥാടനം മെയ്യ് 27ന്

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരെ സന്ന്യസ്തരെ സഹോദരി സഹോദരന്മാരെ,

ദൈവത്തിന്റെയും തിരുസഭയുടെയും നമ്മൾ ഓരോരുത്തരുടെയും അമ്മയായ പരിശുദ്ധ കന്യാമറിയം സ്വർഗ്ഗിയ മഹത്വത്തിന്റെയും ശക്തിയുടെയും അത്യുച്ചകോടിയിലാണ്. അതുപോലെ തന്നെ ദൈവമാതാവ് സ്വർഗ്ഗീയ കൃപയുടെ ശുശ്രൂഷകയുമാണ്. ക്രിസ്തീയ വിശ്വാസികൾ ഹൃദയത്തിൽ വചനം സംഗ്രഹിക്കാനും ധ്യാനിക്കാനും മറിയത്തെ മാതൃകയാക്കുകയും കൃപയും സഹായവും യാചിക്കുകയും ചെയ്യുന്നു. മറിയത്തൊടൊപ്പം ഈശോയുടെ സ്ലീവായുടെ ചുവട്ടിൽ നിന്നു കൊണ്ട് മിശിഹായുടെ ബലിയോട് ചേർന്ന് തങ്ങളുടെ ജീവിത ബലിയും പിതാവിന് വിശ്വാസികൾ സമർപ്പിക്കുന്നു. മറിയത്തോടൊപ്പം ഈശോയുടെ ഉത്ഥാനത്തിൽ സന്തോഷിക്കുകയും ചെയ്യുന്നു.

ഓരോ തീർത്ഥാടനവും മറിയത്തോടൊപ്പമാണ് നമ്മൾ നടത്തുന്നത്. അത് മറിയത്തിന്റെ കാലടികൾ പിന്തുടരുന്നതാണ്. തിരുസഭ പരിശുദ്ധ ത്രിത്വത്തിലേക്ക് ഉയർത്തുന്ന പ്രാർത്ഥകൾക്ക് മറിയത്തിന്റെ മാതൃമദ്ധ്യസ്ഥ്യം പ്രത്യക ശക്തിയും തിക്ഷണതയും നല്കുന്നു. ഈ കാര്യങ്ങൾ എല്ലാം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് നമ്മുടെ രൂപത 'ആരാധന ക്രമ' വർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷത്തെ എയിൽസ്ഫോർഡ് തീർത്ഥാടനം നമ്മുക്ക് നടത്താം. പന്തക്കുസ്താതിരുനാളിന്റെ തലേന്നാളായ മെയ്മാസം 27ാം തീയതി ശനിയാഴ്ച മറിയത്തോടൊപ്പം ഏക മനസ്സോടെ പ്രാർത്ഥിക്കാൻ 1251 ൽ പരിശുദ്ധ അമ്മ ദർശനത്തിലൂടെ വിശുദ്ധ സൈമൺ സ്റ്റോക്കിന് വെന്തിങ്ങ(സ്കാപുലർ) നല്കിയ പുണ്യസ്ഥലമായ എയിൽസ്ഫോർഡിലേക്ക് എല്ലാ വൈദീകരേയും സമർപ്പിതരേയും വിശ്വാസികളെയും ഞാൻ ക്ഷണിക്കുന്നു.രാവിലെ 11 മണിക്ക് കൊടിയേറ്റ്, തൂടർന്ന് ജപമാലപ്രദക്ഷിണം, വിശുദ്ധ കുർബാന, തിരുനാൾപ്രദക്ഷിണം. സ്നേഹ വിരുന്ന് തൂടങ്ങിയവ ഉണ്ടായിരിക്കും. ഉച്ചകഴിഞ്ഞ് 4.30 ന് തീർത്ഥാടം സമാപിക്കുന്നതായിരിക്കും.

നിങ്ങളെയെല്ലാവരെയും നമ്മുടെ കർത്താവായ ഈശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2023 ഏപ്രിൽ 23 ന് വായിക്കേണ്ടതാണ്. (അന്ന് വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച്ച വായിക്കേണ്ടതാണ്)